കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് -തൊട്ടുപുഴ മാസ്റ്റർ പ്ലാൻ - 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് വകുപ്പ് 36(3) പ്രകാരം പ്രസിദ്ധീകരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്

സ.ഉ.(കൈ)നം.137/2021/തസ്വഭവ      *തിരുവനന്തപുരം, തീയതി 13-07-2021*

---

പരാമർശം:

1. തൊട്ടുപുഴ നഗരസഭ കൗൺസിലിന്റെ 14/10/2020 തീയതിയിലെ 5-ാം നമ്പർ യോഗതീരുമാനം.
2. തൊട്ടുപുഴ നഗരസഭ സെക്രട്ടറിയുടെ 04/01/2021 തീയതിയിലെ പി.ഡബ്ല്യു.2-12989/19 നമ്പർ കത്ത്.
3. നഗരകാര്യ ഡയറക്ടറുടെ 13/01/2021 തീയതിയിലെ ജി2-117/2021 നമ്പർ കത്ത്.
4. 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ഓർഡിനൻസ്.
5. മുഖ്യനഗരാസൂത്രകന്റെ 21/04/2021-ലെ TCPCTP/614/2021-എഫ്2 നമ്പർ കത്ത്.

## ഉത്തരവ്

തൊട്ടുപുഴ നഗരസഭയുടെ 30 വർഷത്തേക്കുള്ള ആസൂത്രിത വികസനം ലക്ഷ്യമിട്ട് ജില്ലാ ടൗൺ പ്ലാനർ തയ്യാറാക്കിയ തൊട്ടുപുഴ നഗരസഭയുടെ മാസ്റ്റർപ്ലാൻ 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് വകുപ്പ് 36(1) പ്രകാരം സ്വീകരിക്കുന്നതിനും വകുപ്പ് 36(2) പ്രകാരം അംഗീകരിച്ച് പ്രസിദ്ധീകരണാനുമതിയ്ക്കായി സർക്കാരിലേക്ക് സമർപ്പിക്കുന്നതിനും പരാമർശം (1) പ്രകാരം നഗരസഭ കൗൺസിൽ തീരുമാനമെടുക്കുകയും അതിന്റെ അടിസ്ഥാനത്തിൽ നഗരകാര്യ ഡയറക്ടർ പരാമർശം (3) പ്രകാരം അതിനുള്ള പ്രൊപ്പോസൽ സർക്കാരിലേക്ക് സമർപ്പിക്കുകയുമുണ്ടായി.

2) 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ഓർഡിനൻസ് 24/02/2021-ൽ നിലവിൽ വരികയും 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിലെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതും അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ട വകുപ്പ് 34, 36 എന്നിവ ഉൾപ്പെടെ വിവിധ വകുപ്പുകളിൽ നിരവധി ഭേദഗതികൾ ഉൾപ്പെടുത്തിയിട്ടുമുള്ളതാണ്. മാസ്റ്റർ പ്ലാൻ പബ്ലിഷ് ചെയ്യുന്നതിനുള്ള അനുമതിക്കായി കരട് മാസ്റ്റർ പ്ലാൻ, റിപ്പോർട്ട്, മാപ്പുകൾ, കൗൺസിൽ തീരുമാനം എന്നിവ നഗരകാര്യ ഡയറക്ടർ മുഖേന നഗരസഭ സർക്കാരിലേക്ക് ലഭ്യമാക്കിയത് 13/01/2021 തീയതിയിലാണ് എന്നതിനാൽ ആക്റ്റിലെ വകുപ്പ് 36(1) പ്രകാരമുള്ള ഉദ്ദേശം പബ്ലിഷ് ചെയ്ത വിജ്ഞാപനം നിലവിലില്ല എന്നും കരട് റിപ്പോർട്ടിൽ റിസ്ക് ആന്റ് വൾനറബിലിറ്റി അസ്സെസ്സ്മെന്റ്

വിശദമായി പരിശോധിച്ചിട്ടില്ല എന്നും മുഖ്യനഗരാസൂത്രകൻ പരാമർശം (5) പ്രകാരം അറിയിച്ചിരിക്കുന്നു.

3) തൊടുപുഴ നഗരസഭയുടെ കരട് മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരണാനുമതിയ്ക്കായി സർക്കാരിൽ സമർപ്പിച്ചിട്ടുള്ള സാഹചര്യത്തിലും വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനായി ഗ്രീൻ ബെൽറ്റ് സോൺ വിഭാവനം ചെയ്ത് ഒരു താത്കാലിക mitigation measure നൽകിയിട്ടുള്ള സാഹചര്യത്തിലും കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്റ്റ് വകുപ്പ് 36(3) പ്രകാരം തൊടുപുഴ മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിക്കുന്നതിനുള്ള അനുമതി നൽകാവുന്നതാണെന്ന് മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിരിക്കുന്നു. കൂടാതെ മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിച്ച ശേഷം ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിഗണിക്കുന്ന സമയത്ത് റിസ്ക് അസ്സെസ്സ്മെന്റ് നടത്താവുന്നതും ആവശ്യമുള്ള പക്ഷം പരിഷ്കരണങ്ങൾ ഉൾപ്പെടുത്തി മാസ്റ്റർ പ്ലാൻ പുനഃപ്രസിദ്ധീകരിക്കാവുന്നതാണ് എന്നും പരാമർശം (5) പ്രകാരം മുഖ്യനഗരാസൂത്രകൻ അറിയിച്ചിരിക്കുന്നു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (5) പ്രകാരമുള്ള മുഖ്യനഗരാസൂത്രകന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് വകുപ്പ് 36(3) പ്രകാരം തൊടുപുഴ മാസ്റ്റർ പ്ലാനിന് പ്രസിദ്ധീകരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്.
അഡീഷണൽ ചീഫ് സെക്രട്ടറി

1. മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം.
2. ജില്ലാ നഗരാസൂത്രകൻ, ഇടുക്കി.
3. സെക്രട്ടറി, തൊടുപുഴ നഗരസഭ.
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.